# യേശുവിൽ ആശ്വാസം

## യെശയ്യാവു 51:12

**“ഞാൻ, ഞാൻ തന്നേ, നിങ്ങളെ ആശ്വസിപ്പിക്കുന്നവൻ;”**

‘‘ആശ്വാസം’’, ‘‘ധൈര്യം’’ എന്നീ രണ്ടു പദങ്ങൾ ജീവിതത്തിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്നു. കാരണം മറ്റു പല കാര്യങ്ങളുടെയും ഇല്ലായ്മകളുടെ നടുവിൽ ഈ രണ്ടു കാര്യങ്ങൾ മനുഷ്യജീവിതത്തെ മുന്നോട്ട് ബലത്തോടെ നയിക്കും. അതുകൊണ്ടാണ് ‘‘ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട്’’ എന്ന ആശ്വാസത്തിന്റെയും ധൈര്യത്തിന്റെയും ദൂത് അവസാനമായി യേശു നൽകുന്നത്. ദിവ്യസ്വഭാവത്തിന് ഉടമയും, നിത്യജീവന്റെ ഉറവുമായ ക്രിസ്തുവിന്, തന്റെ സ്വഭാവവും ജീവനും, ബലഹീനതയിൽ വെളിപ്പെടുത്താൻ സാധ്യമല്ല. അതിനാൽ ബലഹീനരായി ക്ഷീണിച്ചും, തളർന്നും പോയ ദൈവജനത്തിന് അവൻ ഭയത്തിന്റെയോ, അശക്തിയുടെയോ, ദൂതല്ല മറിച്ച് ആശ്വാസവും, ധൈര്യവും പകർന്നു കൊടുത്തു.

എന്നാൽ എങ്ങനെയാണ് ഒരുവന് ഈ ആശ്വാസം പ്രാപിക്കാൻ കഴിയുക. അവൻ തന്റെ വചനം അയച്ച് ജനത്തെ അശ്വസിപ്പിക്കും. **1 തെസ്സലൊനീക്യർ. 4:18** പറയുന്നത്, ‘‘ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുക്കൊൾവിൻ’’ എന്നാണല്ലോ. പഴയനിയമകാലത്ത് തന്റെ പ്രവാചകൻമാരെ അയച്ച് അവൻ ദൈവജനത്തെ ആശ്വസിപ്പിച്ചു. അതാണല്ലോ കുറിവാക്യത്തിൽ നാം കണ്ട ഒരു വചനം. ദൈവീക വാഗ്ദത്തങ്ങളും, ദൈവീക കരുണയും, സ്നേഹവും, എല്ലാം വചനത്തിലൂടെ വെളിപ്പെടുത്തി നമ്മെ ഉറപ്പിച്ച്, ആശ്വസിപ്പിക്കുന്ന ദൈവം.

ഏതവസ്ഥയിൽ ഇരിക്കുന്ന ജനതയെയും അത്ഭുതകരമാർന്ന ഈ ആശ്വാസവചനം തേടിയെത്തും എന്നതാണ് സത്യം. **യെശയ്യാ. 40:1** –ൽ നാം വായിക്കുന്നു. ‘‘എന്റെ ജനത്തെ ആശ്വസിപ്പിപ്പിൻ ആശ്വസിപ്പിപ്പിൻ’’. അതെ ജീവിതത്തിന്റെ കുറവു നിമിത്തം പ്രവാസികളായി ബന്ധനത്തിലേക്ക് പോയ ദൈവജനത്തോടുള്ള ദൂതാണ് ഇവിടെ കാണുന്നത്. ദൈവവചനത്തിൽ നിന്നുള്ള ഈ ആശ്വാസം ഒരു കുളിർമഴ പോലെ ദൈവാത്മാവ് നമ്മുടെ ഹൃദയത്തിലേക്ക് ഇറങ്ങിവന്ന് നിറയ്ക്കും. നിശ്ചയമായും ഓരോ ദൈവപൈതലും ഈ അവസ്ഥ അനുഭവിച്ചിരിക്കുമല്ലോ. കർത്താവ് നേരിട്ട് ഇറക്കി തരുന്ന ഈ കുളിർമഴ അനുഭവിച്ചും, ആസ്വദിച്ചും ജീവിതത്തിൽ പൂർണ്ണ ആശ്വാസം കൊണ്ട് നിറയാൻ ഇടയാകട്ടെ.

യേശു ചൊരിഞ്ഞുതരുന്ന ഈ ദൈവകൃപ നമ്മുടെ സ്വയചിന്തയിലും, പ്രവൃത്തിയിലും കുഴപ്പിച്ചു കളയുന്നില്ലെങ്കിൽ മാറാതെ നിൽക്കും. ഹൃദയപലകയിൽ ഉള്ള ആശ്വാസത്തിന്റെ

ഉറവയ്ക്ക് തടസ്സം നേരിടുമ്പോൾ, നഷ്ടപ്പെടുമ്പോൾ, സഹിക്കാൻ വയ്യാത്ത ശൂന്യത പിടികൂടുകയും ചെയ്യും. വീണ്ടും നിലവിളിയോടെ അപ്പന്റെ സന്നിധിയിലേക്ക്, മുടിയനായ പുത്രനെപ്പോലെ ഓടിച്ചെല്ലുമ്പോൾ അവൻ അത് മടക്കി തരും, നിറയെ തരും. അത്രയ്ക്ക് സുഖമാണ് ആ കൃപയുടെ വരവും, വീണ്ടും ദൈവ സാന്നിദ്ധ്യത്തിൽ നമ്മെ നിലനിർത്തുന്ന അനുഭവവും. നമ്മുടെ പിതാവ് സമ്പന്നനായി കൂടെയുണ്ടല്ലോ. അവന്റെ പക്കൽ നിന്ന് ഒരല്പം മതി ആശ്വസിക്കാൻ. അതെ, ഒരുക്കത്തോടെ ചോദിക്കാം. സമൃദ്ധിയായി നിറയാം.

ലോകത്തിന്റെ മാനദണ്ഡം വെച്ച് നോക്കിയാൽ എത്ര ചിന്തിച്ചാലും, പ്രയ്ത്നിച്ചാലും തരണം ചെയ്യാൻ പറ്റാത്ത സാഹചര്യങ്ങളെയും, മനോവേദനകളെയും, ബുദ്ധിമുട്ടുകളെയും ലഘൂകരിച്ച്, നിറഞ്ഞു കവിയുന്ന സന്തോഷവും സമാധാനവും അനുഭവിക്കാൻ ''ആശ്വാസപ്രദൻ'' ആകുന്ന പരിശുദ്ധാത്മാവിന്റെ സഹായത്തോടെ മാത്രമേ സാധിക്കൂ. ഈ ആശ്വാസം സ്വയമായി അനുഭവിക്കുന്നതോടൊപ്പം, അനേകർക്കും പകർന്നു കൊടുക്കാൻ സാധിക്കൂന്നത്, സ്ഥിരമായി അവൻ നമ്മോടൊപ്പം ഉള്ളതു കൊണ്ടാണ്.

''ഹോശയ'' പ്രവാചകൻ പറയുന്നതുപോലെ വിട്ടുപ്പോയവരെ മരുഭൂമിയിൽ കൊണ്ടു പോയി ഹൃദ്യമായി സംസാരിച്ച് ആശ്വസിപ്പിക്കുന്ന ദൈവം. ഏകാന്തതയുടെയും, ക്ലേശങ്ങളുടെയും ഞെരുക്കത്തിന്റെ പ്രതീകമായി മരുഭൂമി നിലകൊള്ളുമ്പോളാണല്ലോ സ്നേഹത്തിനും ആശ്വാസത്തിനുമായി കൂടുതൽ ദാഹിക്കുന്നതും നിലിവിളി ഉയരുന്നതും.

ഇന്ന് കുറ്റബോധത്തിന്റേയോ, ഞെരുക്കത്തിന്റേയോ പലവിധമായ ഭാര വേദന ദുഖങ്ങളുടെയോ മരുഭൂമിയിൽ ആടിയുലയുന്ന ജനത്തോടുള്ള വലിയ ആഹ്വാനം ഇതുതന്നെ. നമ്മുടെ പാപങ്ങളെ ക്ഷമിക്കേണ്ട അളവിൽ ക്ഷമിച്ചു എന്ന് തോന്നത്തക്ക വിധം ക്ഷമിച്ച് അവൻ ആശ്വസിപ്പിക്കുന്നു. അമ്മയെപ്പോലെ അവൻ നമ്മെ ആശ്വസിപ്പിക്കുന്നു. ദൈവം തന്റെ ദാസൻമാരെ അയച്ച് ആശ്വസിപ്പിക്കുന്നു. ചിലപ്പോൾ അത് ഒരു വാക്കിലൂടെയാകും, ജീവിതത്തിന്റെ ഘടനയെ മുഴുവനായി മാറ്റിമറിക്കുന്നത്. ദൈവവചനം, അതിന്റെ മാധുര്യവും, കൃപയും സ്വയം അനുഭവിക്കുന്നതോടൊപ്പം അനേകർക്ക് ആശ്വാസമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

''ആശ്വാസം'' എന്ന് പറയുന്നത് ഒരു നല്ല വാക്ക് എന്നതിലുപരി കർത്താവ് തന്റെ പ്രവൃത്തിയിലൂടെയും, ഇടപെടലിലൂടെയും, സ്വഭാവത്തിലൂടെയും വെളിപ്പെടുത്തി. മരുഭൂമിയെ അവന്റെ തോട്ടത്തെപ്പോലെ ആക്കും എന്ന ആശ്വാസ വചനം തന്റെ മക്കൾക്ക് പകർന്നു ഉള്ളിൽ ധൈര്യം നിറച്ചു. പൊട്ടി ആർക്കുന്ന സന്തോഷത്തിൽ നിറഞ്ഞു, ശ്വാസം കിട്ടാതെ വിഷമിക്കുന്നവർക്ക് ഓക്സിജൻ ലഭിക്കുമ്പോൾ എത്ര ആശ്വാസം ലഭിക്കുന്നു. ഇന്ന് ശ്വാസംമുട്ടി പരിഭ്രമിച്ചിരിക്കുന്ന എല്ലാ മേഖലകളിലും ദൈവവചനം ആകുന്ന

ആശ്വാസം കൊണ്ട് നിറഞ്ഞ്, സ്വാതന്ത്ര്യവും, സന്തോഷവും, സമാധാനവും അനുഭവിപ്പാനും, അത് ജീവിതത്തിന് ധൈര്യവും ബലവും നിറഞ്ഞ അളവിൽ ലഭിക്കാൻ ഇടയാക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 007**